(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ഈ വിഭാഗത്തിൽപ്പെട്ട എത്ര സൂപ്പർവൈസർമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ;

(സി) പുതുതായി സൂപ്പർവൈസർമാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ആകെ 59 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്

(സി) ഇല്ല

(ഡി) ബാധകമല്ല

ജലസേചന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ പദ്ധതി

16(2114) ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസേചന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനായി ഈ സർക്കാർ ഇതുവരെ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി എന്നറിയിക്കുമോ ;

(ബി) ഈ വർഷാവസാനത്തിനു മുമ്പ് ഏതൊക്കെ ജലസേചന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാനാവാത്ത ഏതൊക്കെ ജലസേചന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ സർക്കാരിന്റെ കാലാവധി അവസാനിക്കും മുമ്പ് ഈ പദ്ധതികൾ കമ്മീഷൻ ചെയ്യാൻ കഴിയുമോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കുട്ടനാട് പാക്കേജിന്റെ ഭാഗമായി എ.സി. കനാൽ തുറക്കുന്നതിന് നടപടികൾ

17(2115) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി എ.സി. കനാൽ തുറക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly